സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ഫീസ് നിർണ്ണയം

134 [733] ശ്രീ. ബിനോയ് വിശ്വം :

,, മാങ്കോട് രാധാകൃഷ്ണൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് ക്വാട്ടയിൽ കഴിഞ്ഞവർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഫീസിളവിന് അർഹതയില്ലെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ ; ഇതു സംബന്ധിച്ച ഹൈക്കോടതി ഉത്തരവിന്റെ പൂർണ്ണ വിവരം വെളിപ്പെടുത്താമോ ;

(ബി) ഈ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഓരോ വിഭാഗം വിദ്യാർത്ഥികളും നൽകേണ്ടിവരുന്ന ഫീസ് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) സ്വാശ്രയ കോളേജ് പ്രവേശനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സുപ്രീം കോടതി വിധികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ ഉത്തരവുകളുടെ വെളിച്ചത്തിൽ എത്ര വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 2003-ൽ പുഷ്പഗിരി മെഡിക്കൽ കോളേജിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽനിന്നും വാർഷിക ഫീസായി 1,50,000 രൂപ ഈടാക്കാമെന്ന് ഒ.പി. നമ്പർ 29855/03-ലെ 24-9-2003-ലെ ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി ഉത്തരവായിരുന്നു. 2003-04-ലെ അദ്ധ്യയന വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2004-05 വർഷത്തേക്ക് 1,13,000 രൂപ വാർഷിക ഫീസായി നൽകേണ്ടതാണെന്ന് ഡബ്ല്യു.എ./12,37,38/2005-ലെ 17-1-2005-ൽ പുറപ്പെടുവിച്ച വിധിയിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവായി.

(ബി) വിവിധ കോഴ്സുകളിലെ ഫീസ് നിരക്കുകൾ താഴെ പറയുന്ന പ്രകാരമാണ്.

1. എം. ബി. ബി. എസ്—1,13,000 രൂപ
2. ബി. ഡി. എസ്.—76,000 രൂപ
3. ബി. എ. എം. എസ്.—45,500 രൂപ
4. ബി. എസ്. എം. എസ്.—40,500 രൂപ
5. ബി. എസ്. സി. നഴ്സിംഗ്—49,400 രൂപ
6. ബി. ഫാം—35,000 രൂപ. കൂടാതെ എല്ലാ കോഴ്സുകൾക്കും പരമാവധി 10,000 രൂപ കോഷൻ ഡെപ്പോസിറ്റായി നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) (1) ടി. എം. എ. പൈ ഫൗണ്ടേഷൻ കേസിലെ (ഡബ്ല്യു. പി. 317/93) 31-10-2002 ബഹു. സുപ്രീംകോടതി വിധി പ്രകാരം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ പ്രവേശനം പൂർണ്ണമായും മെരിറ്റടിസ്ഥാനത്തിൽ നടത്തണമെന്നും ഓരോ കോളേജിലേയും കോഴ്സുകളിലെ സീറ്റുകളുടെ സർക്കാർ, മാനേജ്മെന്റ് വിഹിതം പ്രാദേശിക ആവശ്യകതയ്ക്ക് അനുസരിച്ച് സർക്കാരിന് നിശ്ചയിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

(2) ഇസ്ലാമിക് അക്കാഡമി ഓഫ് എഡ്യൂക്കേഷൻ കേസിലെ (ഡബ്ല്യു. പി. 350/93) 14-8-2003-ലെ ഉത്തരവ് പ്രകാരം 2003-04 അദ്ധ്യയന വർഷത്തേക്ക് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സീറ്റുകൾ 50:50 എന്ന അനുപാതത്തിൽ സ്ഥാപനത്തിനും സംസ്ഥാന ഗവൺമെന്റിനും നികത്താവുന്നതാണെന്ന് ഉത്തരവായി. പ്രസ്തുത സ്ഥാപനത്തിലെ ഫീസ് നിർണ്ണയത്തിന് ഒരു റിട്ട: ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കാമെന്ന് ഉത്തരവായി. മാനേജ്മെന്റ് ക്വാട്ട പ്രവേശനം, സംസ്ഥാനം നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലോ പ്രത്യേക തരത്തിലുള്ള കോളേജുകളുടെ അസോസിയേഷൻ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലോ ആകാമെന്നും വ്യക്തമാക്കി. അസോസിയേഷൻ നടത്തുന്ന പരീക്ഷ സുതാര്യവും നീതിയുക്തവുമാണെന്ന് ഉറപ്പുവരുത്താൻ റിട്ട: ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ നിയോഗിക്കാനും ഉത്തരവിൽ വ്യവസ്ഥയുണ്ട്.

(ഡി) ബഹു. കേരള ഹൈക്കോടതിയുടെ 17-1-2005-ലെ വിധിയുടെ പരിധിയിൽ 1575 വിദ്യാർത്ഥികൾ വരുന്നുണ്ട്.

(ഇ) കേരള നിയമസഭ പാസ്സാക്കിയ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസിഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട് 2004 (ആക്ട് 17 ഓഫ് 2004) സർക്കാർ പുറപ്പെടുവിച്ചു. ഈ നിയമം അനുസരിച്ച് സർക്കാർ മെരിറ്റ് ക്വാട്ടയിൽ സ്വാശ്രയ മെഡിക്കൽ, ഡന്റൽ/ആയുർവേദ/ഹോമിയോ/സിദ്ധ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ സമാന സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ നൽകുന്ന ഫീസ് നിരക്ക് നൽകിയാൽമതി. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ സ്ഥാപനത്തിന്റെ നടത്തിപ്പു ചെലവ് മാനദണ്ഡമാക്കി മാനേജ്മെന്റുകൾ നിശ്ചയിക്കുന്ന ഫീസാണ് നൽകേണ്ടത്. ഓരോ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെയും സീറ്റ് റിസർവേഷൻ മാനേജ്മെന്റ്/സർക്കാർ ക്വാട്ട 50:50 എന്ന അനുപാതത്തിലായിരിക്കുമെന്നും ഈ നിയമത്തിൽ അനുശാസിച്ചിരിക്കുന്നു.

സർക്കാർ പാസ്സാക്കിയ മേൽ നിയമത്തിനെതിരെ പുഷ്പഗിരി മാനേജ്മെന്റ് സുപ്രീംകോടതിയെ സമീപിക്കുകയും 29-7-2004-ലെ റിട്ട് പെറ്റീഷൻ നമ്പർ 347/04 പ്രകാരം താൽക്കാലിക ഉത്തരവ് നേടുകയും ചെയ്തു. പ്രസ്തുത ഉത്തരവിൻ പ്രകാരം 2004-2005-ൽ സ്വാശ്രയ മെഡിക്കൽ കോളേജിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ജസ്റ്റീസ് കെ. റ്റി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസായ 1,13,000 രൂപ താത്ക്കാലികമായി അടയ്ക്കണം. ഫീസ് സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിന് സുപ്രീം കോടതിയുടെ മൂന്നംഗബഞ്ച് ഈ കേസ് ഭരണഘടനാ

LIBRARY ARCHIVES Kerala Legislative Assembly

ബഞ്ചിന്റെ പരിഗണനയ്ക്കായി വിട്ടു. സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബഞ്ച് (ചീഫ് ജസ്റ്റീസിന്റെ നേതൃത്വത്തിൽ) 2005 ഫെബ്രുവരി മാസം 1-ാം തീയതി മുതൽ തുടർച്ചയായ ദിവസങ്ങളിൽ ഈ കേസിന്റെ വാദം കേട്ടുവരികയാണ്. (പുഷ്പഗിരി മാനേജ്മെന്റ് ഫയൽചെയ്ത കേസുൾപ്പെടെ രാജ്യത്തിന്റെ വിവിധ ഹൈക്കോടതികളിൽ സമാന വിഷയങ്ങളിൽ വന്ന വിധികൾക്കെതിരെ സുപ്രീം കോടതിയിൽ സമർപ്പിക്കപ്പെട്ട 100-ഓളം കേസുകൾ ഇതിൽ ഉൾപ്പെടും).

സുപ്രീംകോടതിയുടെ ഭരണഘടനാബഞ്ച് മേൽ വിഷയത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന് അനുസരിച്ച് സർക്കാർ അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്ക് സംവരണവും ആനുകൂല്യങ്ങളും

135 [734] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മറ്റ് സർക്കാർ പ്രൊഫഷണൽ കോളേജുകൾക്ക് സമാനമായി സീറ്റുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ അദ്ധ്യയന വർഷത്തിൽ ഈ കോളേജുകളിൽ നടത്തിയ പ്രവേശനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതനുസരിച്ച് ഓരോ വിഭാഗത്തിലും എത്ര കുട്ടികൾക്കുവീതം പ്രവേശനം നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഈ കുട്ടികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ പ്രൊഫഷണൽ കോളേജുകൾക്ക് സമാനമായി സ്വകാര്യ പ്രൊഫഷണൽ കോളേജുകളിലും ഗവൺമെന്റ് സീറ്റുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഒ. ഇ. വിഭാഗങ്ങൾക്ക് സർക്കാർ കോളേജുകളിൽ സീറ്റു സംവരണം ഇല്ല. മറിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന സീറ്റുകളിലേക്ക് ഇവരെ പരിഗണിക്കും. സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിലും സർക്കാർ സീറ്റുകൾ സംബന്ധിച്ച് ഒ. ഇ. വിഭാഗങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly